## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2187 07.07.2015-ൽ മറുപടിയ്ക്ക്

## ഹാംലറ്റ് ഡെവലപ്മെന്റ് പദ്ധതി


ചോദ്യം
ശ്രീ.വി.പി.സജീന്ദ്രൻ
ശ്രീ.ഐ.സി.ബാലകൃഷ്ണൻ
ശ്രീ.ബെന്നി ബെഹനാൻ
ശ്രീ.കെ.മുരളീധരൻ

മറുപടി
ശ്രീമതി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)


| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | തെരഞ്ഞെടുത്ത ഗോത്രവർഗ്ഗ ഗ്രാമങ്ങളിൽ ഹാംലറ്റ് ഡെവലപ്മെന്റ് പദ്ധതി ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | എ) | 2013-14 വർഷം 18 പട്ടികവർഗ്ഗ സങ്കേതങ്ങളേയും 2014-15 വർഷം 25 പട്ടികവർഗ്ഗ സങ്കേതങ്ങളേയും ഹാംലറ്റ് ഡെവലപ്മെന്റ് പദ്ധതി നടപ്പിലാക്കുന്നതിനായി തെരഞ്ഞെടുത്ത് പദ്ധതി നടപ്പാക്കി വരുന്നു. |
| ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ; | ബി) | പട്ടികവർഗ്ഗസങ്കേതങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് ഹാംലറ്റ് വികസന പദ്ധതി നടപ്പിലാക്കി വരുന്നു. അടിസ്ഥാന സൗകര്യങ്ങളായ റോഡ്, നടപ്പാത എന്നിവ നിർമ്മാണം, വാർത്താവിനിമയ സൗകര്യം മെച്ചപ്പെടുത്തൽ, കുടിവെള്ള പദ്ധതി, ഡ്രെയിനേജ് സംവിധാനം, വൈദ്യുതീകരണം, സൗരോർജ്ജ വൈദ്യുതീകരണം, സൗരോർജ്ജ വിളക്ക് സ്ഥാപിക്കൽ, ശുചീകരണ പ്രവർത്തനങ്ങൾ, ഭവന പുനരുദ്ധാരണം, മാലിന്യ സംസ്കരണം, കമ്മ്യൂണിറ്റി ഹാൾ/ കളിസ്ഥലം തുടങ്ങിയ പൊതുസൗകര്യങ്ങൾ, ജലസേചനം, അടുക്കളത്തോട്ട നിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സമഗ്ര വികസനം നടപ്പിലാക്കുക എന്നതാണ് ടി പദ്ധതിയുടെ പ്രധാന ലക്ഷ്യം. |

| | | | |
|---|---|---|---|
| സി) | പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ആനുകൂല്യങ്ങളും സേവനങ്ങളുമാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ; | സി) | റോഡ്, നടപ്പാത എന്നിവ നിർമ്മാണം, വാർത്താവിനിമയ സൗകര്യം മെച്ചപ്പെടുത്തൽ, കുടിവെള്ള പദ്ധതി, ഡ്രെയിനേജ് സംവിധാനം, വൈദ്യുതീകരണം, സൗരോർജ്ജ വൈദ്യുതീകരണം, സൗരോർജ്ജ വിളക്ക് സ്ഥാപിക്കൽ, ശുചീകരണ പ്രവർത്തനങ്ങൾ, ഭവന പുനരുദ്ധാരണം, മാലിന്യ സംസ്കരണം, കമ്മ്യൂണിറ്റി ഹാൾ/ കളിസ്ഥലം തുടങ്ങിയ പൊതുസൗകര്യങ്ങൾ, ജലസേചനം, അടുക്കളതോട്ട നിർമ്മാണം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ടി പദ്ധതിയിലൂടെ ലഭ്യമാക്കുന്നു. |
| ഡി) | പദ്ധതി രൂപീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | ഡി) | സ്ഥലം എം.എൽ.എയുടെ സാന്നിദ്ധ്യത്തിൽ ഊരുകൂട്ടം വിളിച്ചു ചേർത്ത് ഗുണഭോക്താക്കളുടെ ആവശ്യങ്ങൾ മനസ്സിലാക്കി ഓരോ ഹാംലെറ്റിലും ഒരു കോടി രൂപയുള്ള വികസന പ്രവർത്തനങ്ങളുടെ രൂപരേഖ തയ്യാറാക്കുകയും തെരഞ്ഞെടുക്കപ്പെട്ട ഏജൻസികൾ മുഖാന്തിരം നിയമാനുസരണം പദ്ധതി നിർവ്വഹണം നടത്തുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ